(ഡി) ഈ പാലത്തിന്റെ പണി പൂർത്തിയാക്കാൻ ഇനിയും എത്ര കാലം എടുക്കും എന്ന് വെളിപ്പെടുത്താമോ;

(ഇ) എസ്റ്റിമേറ്റ് നിലവിലുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എസ്റ്റിമേറ്റിന്റെ തുക എത്രയാണ്?

ഉത്തരം

(എ) കോൺട്രാക്ടറുടെ അനാസ്ഥ കാരണമാണ് പണി നിറുത്തിവയ്ക്കേണ്ടിവന്നത്.

(ബി), (സി) രണ്ട് തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും ടെണ്ടറുകളൊന്നും തന്നെ ലഭിച്ചില്ല.

(ഡി) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി കൊടുത്തിട്ടില്ലാത്തതിനാൽ ഇക്കാര്യം കൃത്യമായി ഇപ്പോഴം പറയുവാൻ ബുദ്ധിമുട്ടുണ്ട്.

(ഇ) പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയറുടെ ആഫീസിൽ പരിശോധിച്ചുവരുന്നു.

(എഫ്) ശേഷിക്കുന്ന പണികൾക്കുള്ള എസ്റ്റിമേറ്റ് തുക ഏകദേശം 8,70,000 രൂപയാണ്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിന് പാലക്കാട് ജില്ലയിലെ പി.ഡബ്ലിയു.ഡി വകുപ്പിന് അനുവദിച്ച തുക

899. [1069] ശ്രീ. വി.സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിന്റെ പേരിൽ 1985-86-ൽ പാലക്കാട് ജില്ലയിലെ പി.ഡബ്ലിയു.ഡി. വകുപ്പിന് എത്ര രൂപ അനുവദിച്ചു;

(ബി) ഈ തുകയിൽ ഏറ്റവും കൂടുതൽ സംഖ്യ ചെലവഴിച്ച സബ് ഡിവിഷൻ ഏതാണ്;

(സി) ഏറ്റവും കൂടുതൽ സംഖ്യ ചെലവഴിച്ച സബ് ഡിവിഷനിലെ ഉദ്യോഗസ്ഥൻമാരെ പ്രോൽസാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കണമെന്ന് പാലക്കാട് ജില്ലാ വർക്സ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ ശുപാർശയനുസരിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 466.96 ലക്ഷം രൂപ.

(ബി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ ചിറ്റൂർ സബ് ഡിവിഷൻ ഏറ്റവും കൂടുതൽ സംഖ്യ ചെലവഴിച്ചു.

(സി) ഉണ്ട്

(ഡി) സൂപ്രണ്ടിങ് എൻജിനീയറുടെ റിപ്പോർട്ട് ലഭ്യമായതിനു ശേഷം ഇക്കാര്യം ചീഫ് എൻജിനീയർ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly